# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6455** **31.10.2011-ൽ മറുപടിക്ക്**

## നഗരമാലിന്യ സംസ്കരണ പദ്ധതി

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. അജിത്
ശ്രീമതി. ഇ.എസ്.ബിജിമോൾ
ശ്രീ. വി. ശശി

പുതിയ വ്യവസായങ്ങൾ, വൻഫ്ളാറ്റുകൾ, മാർക്കറ്റുകൾ അടക്കമുള്ള ഷോപ്പിംഗ് കേന്ദ്രങ്ങൾ എന്നിവയിൽ നിന്നു ണ്ടാകുന്ന മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഇവയുടെ നിർമ്മാണ അനുമതി നൽകുന്ന വേളയിൽത്തന്നെ മാലിന്യസംസ്ക്കരണത്തിനുള്ള പദ്ധതികൾ കൂടി സമർപ്പിച്ച ശേഷം അനുമതി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി

(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി)

കേരള മുനിസിപ്പൽ ആക്ടിന്റെ 329-ാം വകുപ്പും, കേരളാ പഞ്ചായത്ത് രാജ് ആക്ടിന്റെ 219-ാം വകുപ്പ് പ്രകാരവും, വീട് വീടാന്തരമുള്ള മാലിന്യ ശേഖരണവും, സംസ്കരണവും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. കൂടാതെ കേരളാ മുനിസിപ്പൽ ആക്ടിന്റെ 330-ാം വകുപ്പ് പ്രകാരവും, കേരളാ പഞ്ചായത്ത് രാജ് ആക്ടിന്റെ 219-ാം വകുപ്പ് പ്രകാരവും തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ ഉണ്ടാകുന്ന ചവറിന്റെ ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. വാസഗ്രഹങ്ങൾ ഒഴികെയുള്ളതിന് (നാല് നിലയിൽ താഴെയുള്ള വീടുകൾ ഒഴികെ) മാറ്റം വരുത്തേതുണ്ട്. നാല് നിലയൊ അതിൽ കൂടുതലോ ഉള്ള അപ്പാർട്ടുമെന്റുകൾ, വ്യാപാര സ്ഥാപനങ്ങൾ, കല്യാണമണ്ഡപങ്ങൾ, ഹോട്ടലുകൾ അറവുശാലകൾ,ചിക്കൻ സ്റ്റാളുകൾ, ചന്ത മുതലായ സ്ഥലങ്ങളിൽ ഉണ്ടാകുന്ന ജൈവമാലിന്യങ്ങൾ അതത് സ്ഥലത്ത് തന്നെ സംസ്കരിച്ച് പ്രകൃതിക്കും മനുഷ്യനും ദോഷകരമല്ലാത്ത തരത്തിൽ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം അതാത് സ്ഥാപന ഉടമകൾക്കായിരിക്കും എന്നത് നിഷ്കർഷിച്ചുകൊണ്ട് നിയമഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്ന തിന് അനുമതി നൽകുന്ന അവസര ത്തിലും ഇത്തരം നിബന്ധനകൾ ഉൾപ്പെടുത്തുന്ന കാര്യവും പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ